"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കണ്ടറി വിദ്യാഭ്യാസം - സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അനുവദിച്ച വിവിധ ബാച്ചുകളിലെ മാർജിനൽ ഇൻക്രീസ് ഉൾപെടെയുള്ള ആകെ സീറ്റുകളിലെ 10% സീറ്റുകൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക സമുദായങ്ങൾക്ക് സംവരണം ചെയത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (യു) വകുപ്പ്**

**സ.ഉ.(കൈ) നം.137/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 11/08/2020

പരാമർശം:- 1) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ (ഉന്നതവിദ്യാഭ്യാസ വകുപ്പ്) 2019 ജനുവരി 17-ാം തീയതിയിലെ 12-4/2019-U1 നമ്പർ ഓഫീസ് മെമ്മോറാണ്ടം.

2) കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ (സാമൂഹ്യനീതിയും ശാക്തീകരണവും വകുപ്പ്) 2019 ജനുവരി 17-ാം തീയതിയിലെ 20013/01/2018-BC-II നമ്പർ ഓഫീസ് മെമ്മോറാണ്ടം.

3) കേന്ദ്ര ഉദ്യോഗസ്ഥ, പൊതുജന പരാതി, പെൻഷൻ മന്ത്രാലയത്തിന്റെ (ഉദ്യോഗസ്ഥ പരിശീലന വകുപ്പ്) 2019 ജനുവരി 19-ാം തീയതിയിലെ 36039/1/2019/Estt.(Res) നമ്പർ ഓഫീസ് മെമ്മോറാണ്ടം.

4) 03.01.2020-ലെ സ.ഉ.(പി) നം.1/2020/ഉ.ഭ.പ.വ.

5) 12.02.2020ലെ സ.ഉ.(എം.എസ്) നം.2/2020/ഉ.ഭ.പ.വ.

6) 03.03.2020-ലെ സ.ഉ.(എം.എസ്) നം.5/2020/ഉ.ഭ.പ.വ.

**<u>ഉത്തരവ്</u>**

103-ാം ഭരണഘടന ഭേദഗതി പ്രകാരവും മേൽ പരാമർശിച്ച 1 മുതൽ 3 വരെയുള്ള തുടർ വിജ്ഞാപനങ്ങളും വഴി മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10% സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചു. സംസ്ഥാനത്തെ General Category-യിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ജസ്റ്റിസ് (Rtd) കെ. ശശിധരൻനായർ കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ സൂചന (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് സൂചന ( 5 ) പ്രകാരം നിയമനത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം നടപ്പിലാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന (6) പ്രകാരം ടി ഉത്തരവിന് ഭേദഗതിയും വരുത്തി.

2) ഈ വിഷയം പരാമർശ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അനുവദിച്ച വിവിധ ബാച്ചുകളിലെ മാർജിനൽ ഇൻക്രീസ് ഉൾപെടെയുള്ള ആകെ സീറ്റുകളിലെ 10% സീറ്റുകൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക സമുദായങ്ങൾക്ക് സംവരണം ചെയത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ന്യൂനപക്ഷപദവിയില്ലാത്തതും മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചു വരുന്നതുമായ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിനാണ് മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം അനുവദിക്കുന്നത്.

4) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മേൽപറഞ്ഞ വിഭാഗത്തിൽപ്പെടുന്ന എല്ലാ ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള 1 0 % സംവരണം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ ബന്ധപ്പെട്ട പ്രോസ്പെക്ടസ്/അപേക്ഷാഫോറങ്ങൾ എന്നിവയിൽ ചേർക്കുന്നുവെന്നത് ബന്ധപ്പെട്ട അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

5) ഈ ഉത്തരവ് നടപ്പിലാക്കുന്നതിന് അർഹരായ അപേക്ഷകരെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ചുവടെ ചേർക്കുന്നു.

i. അപേക്ഷകർ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ സംവരണ വിഭാഗത്തിൽപ്പെടാത്തവരായിരിക്കണം.

ii. അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി 1 8 വയസ്സിൽ താഴെയുള്ള കുട്ടികൾ എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായ 'കുടുംബം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നു. കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നു.

iii. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം രൂപയോ അതിൽ താഴെയോ ആയിരിക്കണം. കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ ചുവടെ ചേർക്കുന്നവ ഒഴികെയുള്ള മറ്റെല്ലാ വരുമാനവും പരിഗണിക്കേണ്ടതാണ്.

a. മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ പരിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഹൗസ് പ്ലോട്ടുകളിൽ നിന്നുള്ള കാർഷിക വരുമാനം

b. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

c. കുടുംബപെൻഷൻ

d. തൊഴിലില്ലായ്മ വേതനം

e. ഉത്സവബത്ത

f. വിരമിക്കൽ ആനുകൂല്യങ്ങൾ

g. യാത്രാബത്ത

iv. അപേക്ഷന്റെ കുടുംബ ഭൂസ്വത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലാണെങ്കിൽ 2.5 ഏക്കറിലും മുനിസിപ്പൽ പ്രദേശങ്ങളിലാണെങ്കിൽ 7 5 സെന്റിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികരിക്കാൻ പാടില്ല.

v. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും, മുനിസിപ്പൽ അല്ലെങ്കിൽ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 2.5 ഏക്കറിൽ അധികരിക്കാൻ പാടില്ല.

vi. മുൻസിപ്പൽ പ്രദേശങ്ങളിലും,മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂ വിസ്തൃതി 75 സെന്റിൽ അധികരിക്കാൻ പാടില്ല

vii. ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂമി കണക്കിലെടുക്കുന്നതാണ്.

viii. 'ഭൂമി' (Land) എന്നതിൽ എല്ലാത്തരം ഭൂമിയും ഉൾപ്പെടും.

ix. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ ഹൗസ് പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ 2 0 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1 5 സെന്റിലും അധികരിക്കാൻ പാടില്ല.

കുടുംബത്തിന് ഒന്നിലധികം ഹൗസ് പ്ലോട്ട് കൈവശമുണ്ടെങ്കിൽ അവയെല്ലാം കൂട്ടിച്ചേർത്തായിരിക്കും പ്ലോട്ടിന്റെ വിസ്തൃതി കണക്കാക്കുക.

കുടുംബത്തിന് മുനിസിപ്പൽ പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും ഹൗസ് പ്ലോട്ട് ഉണ്ടെങ്കിൽ അവ കൂട്ടിച്ചേർത്ത് കണക്കാക്കിയാൽ വിസ്തൃതി 20 സെന്റിൽ അധികരിക്കാൻ പാടില്ല.

'ഹൗസ് പ്ലോട്ട്' എന്നാൽ വീട് നിൽക്കുന്നതോ വീട് നിർമ്മിക്കാൻ കഴിയുന്നതോ ആയ ഭൂമി എന്നർത്ഥം.

x. Anthyodaya Annayojana (AAY)/Priority House Holds (PHH) വിഭാഗങ്ങളിൽപ്പെടുന്ന റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടുള്ളവർ മറ്റ് മാനദണ്ഡങ്ങൾ പരിഗണിക്കാതെ തന്നെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണാനുകൂല്യത്തിന് അർഹരാണ്. അതിലേയ്ക്കായി ഈ വിഭാഗത്തിലുള്ള അപേക്ഷകർ പ്രസ്തുത വിഭാഗങ്ങൾക്കായി നല്കിയിട്ടുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് സൂചന (5)-ലെ Annexure I-ലെ മാതൃകയിൽ വില്ലേജ് ഓഫീസർ നല്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

xi. Income & Assets Certificate നല്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വർഷത്തിന് തൊട്ടു മുമ്പുള്ള സാമ്പത്തിക വർഷത്തെ വരുമാനമാണ് അടിസ്ഥാനമാക്കേണ്ടത്.

xii. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ നിശ്ചിത അപേക്ഷാഫോറത്തിൽ സത്യവാങ്മൂലമായി അപേക്ഷകർ സമർപ്പിക്കേണ്ടതാണ്.

xiii. 'സാമ്പത്തികമായി പിന്നാക്കം നില്കുന്നവർ' എന്ന അവകാശവാദം പരിശോധനയിൽ തെറ്റാണെന്നോ/വ്യാജമാണെന്നോ കണ്ടെത്തുന്ന പക്ഷം അപേക്ഷകൻ/അപേക്ഷകയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം മറ്റ് കാരണങ്ങൾ വ്യക്തമാക്കാതെ ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതും, ഇത് സർക്കാരിന് ഉചിതമെന്ന് തോന്നുന്നപ്രകാരമുള്ള തുടർ നടപടിക്ക് വിധേയമായിരിക്കുന്നതുമാണ്.

xiv. അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂചന (5) ലെ Aneexure (2)ലെ നിശ്ചിത മാതൃകയിൽ Income & Assets Certificate നല്കേണ്ടത് അതത് വില്ലേജ് ആഫീസർമാരാണ്.

xv. മേൽ സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ ആക്ഷേപമുള്ള പക്ഷം ബന്ധപ്പെട്ട തഹസീൽദാർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

xvi. മേൽ വിഷയത്തിൽ പുനഃപരിശോധന ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

xvii. പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഓരോ മൂന്നു വർഷം കൂടുമ്പോഴും പുനഃപരിശോധിക്കുന്നതും ആവശ്യമുള്ള പക്ഷം ഭേദഗതി വരുത്തുന്നതുമായിരിക്കും.

6) മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) നൽ കുന്ന 1 0 % സാമ്പത്തിക സംവരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ഒരു സംവിധാനം ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാന്**

**സെക്രട്ടറി**

പകർപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം/വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം,തിരുവനന്തപുരം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജഗതി,തിരുവനന്തപുരം.

എല്ലാ ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

എല്ലാ ഹയർസെക്കന്ററിസ്കൂൾ/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിലും മാധ്യമങ്ങളിലും പ്രസിദ്ധീകരണത്തിനായി).
ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by DILEEP S M
Date: 2020.08.11 13:12:14 IST
Reason: Approved

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - "മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് (Economically Weaker Sections)" 10% സംവരണം നടപ്പിലാക്കുന്നതിനായുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിയ ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(കൈ) നം.23/2022/ഉ.ഭ.പ.വ തീയതി, തിരുവനന്തപുരം, 04-10-2022

---

പരാമർശം:- 1. 14.03.2019-ലെ സ.ഉ.(എം.എസ്) നം.5/2019/ഉ.ഭ.പ.വ
2. 12.02.2020-ലെ സ.ഉ.(എം.എസ്) നം.2/2020/ഉ.ഭ.പ.വ
3. 28.02.2022-ലെ സ.ഉ.(കൈ) നം.31/2022/പൊ.ഭ.വ

**ഉത്തരവ്**

കേന്ദ്ര സർക്കാർ ഭരണഘടനാ ഭേദഗതി വഴി സാമ്പത്തിക സംവരണം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) ഉദ്യോഗത്തിനും വിദ്യാഭ്യാസത്തിനും 10% സംവരണം ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ "മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ" എന്നു പ്രയോഗിച്ചിട്ടുള്ളതും ആനുകൂല്യത്തിന് അർഹത നിർണ്ണയിക്കുന്നതിലേക്കായി ഉദ്യോഗ സംവരണത്തിനും വിദ്യാഭ്യാസ സംവരണത്തിനും ഒരേ മാതൃകയിലുള്ള രണ്ട് സാക്ഷ്യ പത്രങ്ങൾ ഉത്തരവിന്റെ അനുബന്ധമായി നിഷ്കർഷിച്ചിരുന്നതും കാരണം ചില സമുദായങ്ങൾക്ക് ഇരട്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന സാഹചര്യം ഉണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും സർക്കാർ ടി വിഷയം സംബന്ധിച്ച് പഠിക്കുന്നതിനും ശിപാർശ സമർപ്പിക്കുന്നതിനുമായി പരാമർശം ഒന്നാമതായി രൂപീകരിച്ച കമ്മിഷന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. "മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ" എന്നതിനുപകരം "സംവരണാനുസൃതം പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ

വിഭാഗങ്ങൾ" എന്ന് മാറ്റം വരുത്തേണ്ടതാണെന്നും **മേൽ** ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള സാക്ഷ്യ പത്രങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും ഉദ്യോഗ സംവരണങ്ങൾക്കും പ്രത്യേകം പ്രത്യേകം സാക്ഷ്യ പത്രങ്ങൾ നിഷ്കർഷിക്കേണ്ടതാണെന്നും കമ്മിഷൻ നിർദ്ദേശിക്കുകയും തദനുസൃതമായി പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുയും ചെയ്തു.

2) മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം(2) ഉത്തരവിൽ എവിടെയൊക്കെയാണോ "മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ" എന്നു പ്രയോഗിച്ചിട്ടുള്ളത് അവിടെയൊക്കെ അതിനു പകരമായി "സംവരണാനുസൃതം പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗങ്ങൾ" എന്ന് മാറ്റം വരുത്തിക്കൊണ്ടും ടി ഉത്തരവിൽ അനുബന്ധമായി ചേർത്തിരുന്ന Annexure-I, Annexure-II എന്നീ മാതൃക ഫോറങ്ങളെ ഒഴിവാക്കിക്കൊണ്ടും പകരമായി ഈ ഉത്തരവിനോടൊപ്പം ചേർത്തിരിക്കുന്ന Annexure-I, Annexure-II, Annexure-III, Annexure-IV എന്നീ മാതൃകാ ഫോറങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

3) പരാമർശം(2)-ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പുകൾക്കും, വകുപ്പ് മേധാവികൾക്കും, നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും (ആമുഖ കത്ത് സഹിതം)
ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.
എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
റവന്യൂ വകുപ്പ്.

ഉന്നതവിദ്യാഭ്യാസ വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്.
ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.
പൊതുഭരണ (ഏകോപനം) വകുപ്പ്.
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചാരണത്തിന്).
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.